കമ്പനികളുടെ മെക്കാനിക്കൽ/ഇലക്ട്രോണിക് മീറ്ററുകൾ

100 (467) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ വർഷവും വൈദ്യുതി വകുപ്പ് ഏതെല്ലാം കമ്പനികളുടെ മെക്കാനിക്കൽ/ ഇലക്ട്രോണിക് മീറ്ററുകളാണ് വാങ്ങുന്നത് ; ഇവയ്ക്ക് ഓരോന്നിനും എത്ര വില നൽകിയാണ് വാങ്ങുന്നത് ; ഇവ പൊതുമേഖല/സ്വകാര്യമേഖല കമ്പനികളിൽ നിന്നും ഓരോ വർഷവും എത്ര വീതം വാങ്ങുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ ഉപയോഗിക്കുന്ന മെക്കാനിക്കൽ/ ഇലക്ട്രോണിക്ക് വൈദ്യുതി മീറ്ററുകളിൽ നിലവിൽ കേടായ മീറ്ററുകൾ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ;

(സി) കേടായ മുഴുവൻ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിന് ബോർഡിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കേടായ മീറ്ററുകൾ ഉപയോഗിക്കുന്നതുമൂലം വൈദ്യുതി ബോർഡിന് പ്രതിവർഷം ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനമൊട്ടാകെ ഉപയോഗിക്കുന്ന മെക്കാനിക്കൽ മീറ്ററിന്റെയും ഇലക്ട്രോണിക് മീറ്ററിന്റെയും എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(എഫ്) മെക്കാനിക്കൽ മീറ്ററുകളിലെ കൃത്രിമം സംബന്ധിച്ച് കെ.എസ്.ഇ.ബി. വിജിലൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുള്ള കാര്യങ്ങളെ ന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011 കാലയളവ് മുതൽ നാളിതുവരെ ബോർഡ് വാങ്ങിയിട്ടുള്ള മീറ്ററുകളുടെ എണ്ണവും വിലയും അനുബന്ധമായി ചേർക്കുന്നു.*

(ബി) 145,968 കേടായ മെക്കാനിക്കൽ മീറ്ററുകളും 489,502 കേടായ ഇലക്ട്രോണിക് മീറ്ററുകളും ഉണ്ട്.

(സി) ഏകദേശം 65 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

(ഡി) മീറ്ററുകൾ കേടായ ഉപഭോക്താക്കളുടെ മുൻകാല ഉപഭോഗത്തിന്റെ ശരാശരി അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ് ഈടാക്കുന്നതിനാൽ ബോർഡിന് ഈ ഇനത്തിൽ നഷ്ടം സംഭവിക്കുന്നതായി കണക്കാക്കുന്നില്ല.

(ഇ) 17,15,590 മെക്കാനിക്കൽ മീറ്ററുകളും 9869552 ഇലക്ട്രോണിക് മീറ്ററുകളും ഉപയോഗിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉപഭോക്താക്കൾ മെക്കാനിക്കൽ മീറ്ററുകളിൽ താഴെ കാണുന്ന പ്രകാരം കൃത്രിമം നടത്തി വൈദ്യുതി മോഷണം നടത്തുന്നതായി എ.പി.റ്റി.എസ്. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. മെക്കാനിക്കൽ മീറ്ററിന്റെ വിൻഡോ ഗ്ലാസ് ഇളക്കി അതിനിടയിലൂടെ എക്സ്റേ ഫിലിം, ടംക്ലീനർ തുടങ്ങിയവ കടത്തിവച്ച് ഡിസ്കിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുക.
2. മെക്കാനിക്കൽ മീറ്ററുകളിൽ ചെറിയ സൂഷിരങ്ങളുണ്ടാക്കി മീറ്റർ കൗണ്ടറിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുക.
3. ശക്തിയേറിയ കാന്തം മീറ്ററിന് പുറത്ത് വച്ച് ഡിസ്കിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുക.
4. ളക്കായി സ്ഥാപിച്ചിരിക്കുന്ന മെക്കാനിക്കൽ മീറ്ററുകൾ ഇളക്കി ചരിച്ചിടുകയും അതുവഴി മീറ്ററിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും ചെയ്യുക.

മേൽരീതികൾ അവലംബിച്ച് മീറ്ററിൽ കൃത്രിമം നടത്തി വൈദ്യുതി മോഷണം നടത്തുന്ന ഉപഭോക്താക്കളെ ചീഫ് വിജിലൻസ് ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്ന എ.പി.റ്റി.എസ്. സ്ക്വാഡുകൾ നടത്തുന്ന പരിശോധനകളുടെ ഫലമായി കണ്ടെത്തുകയും ആയതിന് അത്തരം ഉപഭോക്താക്കളിൽനിന്നും വൈദ്യുതി നിയമം 2003 അനുശാസിക്കുന്ന പ്രകാരം പിഴ ഈടാക്കുകയും ചെയ്യുവരുന്നു.

വൈദ്യുതീകരണം

101 (468) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനലൂർ നിയോജക മണ്ഡലത്തിൽ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ അനുവദിച്ചു എന്നും അവ ഏതൊക്കെ വിഭാഗങ്ങളിൽപ്പെടുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 74744.

(ബി)

വിഭാഗം	ഒ.വൈ.ഇ.സി.	ബി.പി.എൽ.	എസ് സി./എസ് റ്റി.	മറ്റുള്ളവ	ആകെ
എണ്ണം	6210	676	148	10	7044

LIBRARY ARCHIVES Kerala Legislative Assembly